(ഇ) തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിലുള്ള പ്രോവിഡൻറ് ഫണ്ട് വകുപ്പിന്റെ അക്കൗണ്ട്സ് വിഭാഗമാണ് രേഖകൾ വിതരണം ചെയ്യാറുള്ളത്.

ബീഡി തൊഴിലാളികൾക്ക് പ്രോവിഡൻറ് ഫണ്ട് പദ്ധതി

1046 [1551] ശ്രീ. സി. ടി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ സ്വകാര്യ മുതലാളിമാരുടെ കീഴിൽ പണിയെടുക്കുന്ന ബീഡി തൊഴിലാളികൾക്ക് പ്രോവിഡൻറ് ഫണ്ട് പദ്ധതി നടപ്പ് ലാക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്നുമുതലാണ് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കാമോ ;

(സി) ബീഡി തൊഴിലാളികളുടെ പ്രോവിഡൻറ് ഫണ്ട് പദ്ധതിയിനത്തിൽ ഇപ്പോൾ എത്ര സംഖ്യ പിരിഞ്ഞുകിട്ടിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രോവിഡൻറ് ഫണ്ട് പദ്ധതിയിൽനിന്ന് തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ നൽകാറുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ എന്തെല്ലാം ആനുകൂല്യങ്ങളാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 31-5-1977 മുതൽ നടപ്പിലാക്കി.

(സി) 31-3-1985 വരെ ഏകദേശം 240 ലക്ഷം രൂപ പിരിഞ്ഞുകിട്ടിയിട്ടുണ്ട്.

(ഡി) പ്രോവിഡൻറ് ഫണ്ട് പദ്ധതിപ്രകാരമുള്ള ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ട്.

(ഇ) കുടുംബ പെൻഷൻ, എംപ്ലോയീസ് ഡിപ്പോസിറ്റ് അനുബന്ധമായുള്ള ഇൻഷുറൻസ് ആനുകൂല്യങ്ങൾ, ലോൺ എടുക്കാനുള്ള സൗകര്യത്തോടുകൂടിയ പ്രോവിഡൻറ് ഫണ്ട് ആനുകൂല്യങ്ങൾ എന്നീ ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് ലഭിക്കുന്നു.

സിനിമാ തൊഴിലാളികൾക്ക് മിനിമം കൂലി

1047 [1552] ശ്രീ. എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിനിമാ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ മിനിമം കൂലി നിശ്ചയിക്കുന്നതിന് കമ്മിറ്റിയെ നിയമിച്ചതെന്നാണ് ;

(ബി) കമ്മിറ്റി അംഗങ്ങൾ ആരെല്ലാമാണ് ;

(സി) കമ്മിറ്റി രൂപീകരിച്ചതിനുശേഷം 24-10-1986 വരെ എത്രതവണ കൂടിയിട്ടുണ്ട് ;

(ഡി) ഏറ്റവും അവസാനമായി കമ്മിറ്റി കൂടിയതെന്നാണ് ;

(ഇ) കമ്മിറ്റി കൂടി നിശ്ചിത സമയത്തിനുള്ളിൽത്തന്നെ റിപ്പോർട്ട് സമർപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1985 ഫെബ്രുവരി മാസം 6-ാം തീയതി.

(ബി) 6-2-1985-ൽ നിയമിച്ച കമ്മിറ്റിയിൽ താഴെപ്പറയുന്ന ആളുകൾ അംഗങ്ങളായിരുന്നു.

തൊഴിലാളി പ്രതിനിധികൾ

1. ശ്രീ. സി. ദിവാകരൻ
2. ,, വിജയൻ കുന്നിശ്ശേരി
3. ,, പി. കെ. നമ്പിയാർ
4. ,, മോഹനൻ
5. ,, ജി. ശശിധരൻ പിള്ള
6. ,, എസ്. അബ്ദുൽഖാദർ
7. ,, പി. ആർ. വിശ്വനാഥൻ
8. ,, വി. പി. ഖാലിദ്
9. ,, കെ. പി. ശങ്കരദാസ്
10. ,, രാജ്മോഹൻ
11. ,, കെ. കെ. ദാമോദരൻ

തൊഴിലുടമ പ്രതിനിധികൾ

1. ശ്രീ.ടി. കെ. ബാലഗംഗാധരൻ
2. ,, സോമയാജി
3. ,, കോട്ടുകാൽ ദാമോദരൻ നായർ
4. ,, സി. വേണുഗോപാലൻ നായർ
5. ,, എൻ. എസ്. ഉണ്ണിത്താൻ
6. ,, എം. സി. ചാക്കോ
7. ,, ഈപ്പൻകണ്ടകുടി
8. ,, കെ. പി. രത്നാകരൻ

എൻ. ബി. തൊഴിലുടമാ പ്രതിനിധികളിൽ 3 ഒഴിവുകൾ നികത്താനുണ്ട്.

സ്വതന്ത്ര പ്രതിനിധികൾ

1. ശ്രീ. എൻ. എ. അബ്ദുൽ വാഹീദ്
2. ,, പി. കെ. തമ്പി
3. ,, പി. എ. നസാക്ക്

(സി) 38 തവണ.

(ഡി) 15-5-1986-ൽ.

(ഇ) നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly